**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തിലൂടെ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിന് പാർട്ണർ കേരള മിഷന്റെ പ്രവർത്തനം ഗ്രാമ പഞ്ചായത്തുകളിലേക്കും കൂടി വ്യാപിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം 3125/2017/തസ്വഭവ തിരുവനന്തപുരം, തീയതി 23.09.2017

---

പരാമർശം :- 1. സ.ഉ.(സാധാ)നം. 2540/2014/തസ്വഭവ തീയതി 27.09.2014

2.പാർട്ണർ കേരള മിഷന്റെ 16.02.2017 ൽ ചേർന്ന പതിനാലാം എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

3.പാർട്ണർ കേരള മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03.7.2017 ലെ 175/PKM/2017 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഭവപരിമിതിമൂലം നടപ്പിലാക്കാൻ കഴിയാത്ത അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ സ്വകാര്യ മൂലധനം വ്യവസ്ഥകൾക്ക് വിധേയമായി ഉപയോഗിക്കുവാൻ കഴിയും എന്നതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തിലൂടെ (Public Private Partnership) സമയബന്ധിതമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായാണ് പരാമർശം 1 പ്രകാരം പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുള്ളത്. ബസ് സ്റ്റേഷനുകൾ, മൊബിലിറ്റി ഹബ്ബുകൾ, കൊമേഴ്സ്യൽ കെട്ടിട സമുച്ചയങ്ങൾ, പാർക്കിങ് സൗകര്യങ്ങൾ, മാർക്കറ്റുകൾ, കളിസ്ഥലങ്ങൾ/പാർക്കുകൾ, കൺവെൻഷൻ സെന്ററുകൾ, ഖരമാലിന്യ സംസ്കരണം, ആധുനിക അറവുശാലകൾ, തെരുവ് വിളക്ക് പ്രകാശിപ്പിക്കൽ, കൊതുക നശീകരണം, നഗരം മോടിപിടിപ്പിക്കൽ, റോഡ് വികസനവും നവീകരണവും തുടങ്ങിയ വികസന/ സേവന മേഖലകളിൽ പൊതു സ്വകര്യ പങ്കാളിത്തത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് പാർട്ണർകേരളമിഷൻ രൂപീകരിച്ചിട്ടുള്ളത്

2. നിലവിൽ പാർട്ണർ കേരള മിഷന്റെ പ്രവർത്തനം നഗരപ്രദേശങ്ങളിലേക്കും ഡവലപ്മെന്റ് അതോറിറ്റികളിലേക്കും മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ അടിസ്ഥാന സൗകര്യ

വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ ഗ്രാമ പഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കുന്നതിന് പാർട്ണർ കേരള മിഷന്റെ പ്രവർത്തനം ഗ്രാമ പഞ്ചായത്തുകളിലേക്കും കൂടി വ്യാപിപ്പിക്കുവാൻ പരാമർശം 2 പ്രകാരം തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പാർട്ണർ കേരള മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്

3. പാർട്ണർ കേരള മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് നഗരപ്രദേശങ്ങൾക്കും ഡവലപ്മെന്റ് അതോറിറ്റികൾക്കുമൊപ്പം, അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിന് പാർട്ണർ കേരള മിഷന്റെ പ്രവർത്തനം ഗ്രാമ പഞ്ചായത്തുകളിലേക്കും കൂടി വ്യാപിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു. എൽ**

**ഗവ.സ്പെഷ്യൽ സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,പാർട്ണർ കേരള മിഷൻ
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ